**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 510** **08-11-2021 - ൽ മറുപടിയ്ക്ക്**

**സൂക്ഷ്മ,ചെറുകിട,ഇടത്തരം സംരംഭങ്ങളുടെ വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ. പി.വി.അൻവർ,<br>ശ്രീ. പി.പി. ചിത്തരഞ്ജൻ,<br>ഡോ സുജിത് വിജയൻപിള്ള** | | **Shri. P. Rajeeve<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംസ്ഥാനത്ത് സൂക്ഷ്മ,ചെറുകിട,ഇടത്തരം സംരംഭങ്ങളുടെ വാണിജ്യ വികസനം ലക്ഷ്യമാക്കി കഴിഞ്ഞ സർക്കാർ ആവിഷ്കരിച്ച അഗ്രോ ഫുഡ് പ്രോ, മെഷീനറി എക്സ്പോ എന്നീ പദ്ധതികളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ; ഇവ എല്ലാ ജില്ലകളിലും സംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (എ) | കേരളത്തിന്റെ തനത് കാർഷിക ഉല്പന്നങ്ങളിൽ അധിഷ്ഠിതമായി പ്രവർത്തിക്കുന്ന ഭക്ഷ്യ സംസ്കരണ വ്യവസായ യൂണിറ്റുകളെ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി "കേരള അഗ്രോ ഫുഡ് പ്രോ" എന്ന മേള സംഘടിപ്പിച്ചുവരുന്നു. കാർഷിക/ഭക്ഷ്യ വിഭവങ്ങൾ അസംസ്കൃത വിഭവങ്ങളായി ഉപയോഗിക്കുന്ന വ്യവസായ യൂണിറ്റുകളുടെ ഉല്പന്നങ്ങളുടെ പ്രദർശനവും, വില്പനയും നടത്തുക എന്നതും അവർക്കാവശ്യമായ നൂതന സാങ്കേതിക വിദ്യകൾ പരിചയപ്പെടുത്തുക എന്നതും മേളയുടെ ലക്ഷ്യം. നിലവിലെ വ്യവസായ സംരംഭകർക്ക് ഉൽപ്പാദന ക്ഷമതയും മേന്മയും വർദ്ധിപ്പിക്കാനും ആധുനിക സാങ്കേതികവിദ്യ സ്വായത്തമാക്കുവാനും, പുതുതായി വ്യവസായ സംരംഭങ്ങളിൽ ഏർപ്പെടുന്നവർക്ക് സാങ്കേതിക വിദ്യയും യന്ത്ര സാമഗ്രികളും പരിചയപ്പെടുത്തുവാനുമായി, വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ 'മെഷിനറി എക്സ്പോ' സംഘടിപ്പിച്ചു വരുന്നുണ്ട്. ഇന്ത്യയുടെ വിവിധ സംസ്ഥാനങ്ങളിൽ നിന്നുള്ള മെഷിനറി നിർമ്മാതാക്കളും വിതരണക്കാരും വർഷത്തിൽ ഒരിക്കൽ നടക്കുന്ന ഈ എക്സ്പോയിൽ പങ്കെടുക്കുന്നുണ്ട്. ജില്ലാ തലത്തിൽ ഇത്തരം ഒരു എക്സ്പോ സംഘടിപ്പിക്കുക പ്രായോഗികമല്ല. സംരംഭകർക്ക് സന്ദർശിച്ച് സാങ്കേതിക വിദ്യ പരിചയപ്പെടുന്നതിനുള്ള സംവിധാനങ്ങൾ മേളയിൽ സജ്ജീകരിക്കുന്നു. വ്യവസായ വകുപ്പിന്റെ ആഭിമുഖ്യത്തിൽ സംസ്ഥാന മെഷിനറി എക്സ്പോ 2017-18 വർഷത്തിൽ എറണാകുളത്തും, 2019-20 വർഷത്തിൽ തൃശ്ശൂരിലും സംഘടിപ്പിച്ചു. ഇതു കൂടാതെ കേരളത്തിലെ ചെറുകിട ഇടത്തരം വ്യവസായ സംരംഭകരുടെ ഉത്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിനും അവ |

| | | | |
|---|---|---|---|
| | | | സമൂഹത്തിൽ പരിചയപ്പെടുത്തുന്നതിനുമായി ജില്ലാ തലങ്ങളിൽ വ്യവസായ പ്രദർശനങ്ങൾ സംഘടിപ്പിച്ചു വരുന്നുണ്ട്. സംസ്ഥാനത്തെ MSME യിൽ ഉൽപാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ ആവശ്യക്കാർക്ക് online വഴി ലഭ്യമാക്കുന്നതിനായി online portal സംവിധാനവും ഏർപ്പെടുത്തുന്നത് തീരുമാനിച്ചിട്ടുണ്ട്. കാർഷിക മേഖലയിലെ മൂല്യ വർദ്ധിത ഉത്പ്പന്നങ്ങൾക്കു വേണ്ടി പ്രത്യേകിച്ച് എക്സിബിഷനുകൾ ജില്ലാതലത്തിൽ സംഘടിപ്പിക്കുന്നില്ലായെങ്കിലും ജില്ലാ തലത്തിൽ നടക്കുന്ന MSME എക്സിബിഷനുകൾ ഈ മേഖലക്ക് പ്രത്യേക പരിഗണന നൽകിയാണ് നടത്തി വരുന്നത്. |
| (ബി) | എം.എസ്.എം.ഇ. മേഖലയിൽ ഒരു സ്ഥിരം പ്രദർശന വിപണന സമുച്ചയത്തിന് രൂപം കൊടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (ബി) | എം.എസ്.എം.ഇ മേഖലയിലെ ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുന്നതിന്റെ ഭാഗമായി അന്താരാഷ്ട്ര നിലവാരമുള്ള ഒരു എക്സിബിഷൻ സെന്റർ കൊച്ചിയിലെ കാക്കനാട് ആരംഭിക്കുന്നതിനുള്ള നടപടി ആരംഭിച്ചിട്ടുണ്ട്. |
| (സി) | സംസ്ഥാനത്ത് വാണിജ്യ മേഖലയുടെ പ്രോത്സാഹനത്തിനായി വാണിജ്യ മിഷൻ രൂപീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ? | (സി) | സംസ്ഥാനത്ത് സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളെ ആഗോളവിപണിയിൽ പരിചയപ്പെടുത്തി വിപണന സാധ്യത പ്രോത്സാഹിപ്പിക്കുന്നതിനും കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിനുമായി സർക്കാർ വ്യാപാരി വ്യവസായ സംഘടനാ നേതാക്കളേയും ഉൾപ്പെടുത്തി വാണിജ്യ മിഷൻ പുനഃസംഘടിപ്പിച്ചിട്ടുണ്ട്. വാണിജ്യ മിഷന്റെ ലക്ഷ്യങ്ങൾ താഴെപ്പറയുന്നവയാണ്. 1. സംസ്ഥാനത്തെ ചെറുകിട വ്യാപാര മേഖലയെ പ്രോത്സാഹിപ്പിക്കുകയും വളർത്തുകയും ചെയ്യുക. ടൂറിസം വകുപ്പുമായി ചേർന്ന് മേളകൾ സംഘടിപ്പിക്കുക. 2. ഭാരതത്തിലും വിദേശത്തുമായി നടക്കുന്ന പ്രധാനപ്പെട്ട ഫെയറുകളിൽ സംസ്ഥാനത്ത് നിന്നും സംരംഭക പ്രതിനിധികളെ പങ്കെടുക്കുന്നതിന് വിവിധ രീതിയിൽ സഹായിക്കുക. 3. കേരളത്തിലെ നിക്ഷേപകർ/സംരംഭകർക്ക് ദേശീയ അന്തർദേശീയ വിപണികളെപ്പറ്റി അവബോധം നൽകുക. ഡെലിഗേറ്റുകളെ ഇത്തരം മേളകളിലും സമ്മേളനങ്ങളിലും പങ്കെടുക്കുന്നതിനുള്ള അവസരം നൽകി ബിസിനസ്സ് ബന്ധം സ്ഥാപിക്കുക. 4. ദേശീയ അന്തർദേശീയ തലങ്ങളിൽ കേരളത്തിലെ വിവിധ ഉൽപ്പന്നങ്ങളെ ആവശ്യക്കാർക്ക് നേരിട്ട് വിപണനം നടത്തുക. 5. കേരളത്തിൽ ഉത്പാദിപ്പിക്കപ്പെടുന്ന തനതായ ഉൽപ്പന്നങ്ങളുടെ വിപണനം പ്രോത്സാഹിപ്പിക്കുന്നതിന് ഓരോ വിഭാഗത്തിലും സംസ്ഥാന തലത്തിൽ മേളകളും പ്രദർശനങ്ങളും |

| | | | |
|---|---|---|---|
| | | | സംഘടിപ്പിക്കുക. 6. പ്രൊജക്റ്റ് കൺസൾട്ടൻസി തുടങ്ങുക. 7. വിദേശ നിക്ഷേപങ്ങൾക്ക് ഫെലിസിറ്റേഷൻ സേവനങ്ങൾ നടത്തുക. 8. മൊത്ത വ്യാപാരികൾക്കും, ചില്ലറ വ്യാപാരികൾക്കും ജില്ലാ തലത്തിലും സംസ്ഥാന തലത്തിലും അവാർഡുകൾ നൽകുവാനുള്ള നടപടികൾ സ്വീകരിക്കും. 9. വാണിജ്യ സേവന മേഖലയുടെ വളർച്ചക്കായി സർക്കാർ ഒരു ട്രേഡ് പ്രൊമോഷൻ കൗൺസിൽ രൂപീകരിക്കും. |

സെക്ഷൻ ഓഫീസർ